പ്രകാരം റെയിൽവേസ്റ്റേഷനുള്ള തിരുവനന്തപുരം, കൊല്ലം, എറണാകുളം, പെരുമ്പാവൂർ, ഗുരുവായൂർ, തിരൂർ എന്നീ ലാന്റ് അക്വിസിഷൻ യൂണിറ്റുകൾക്ക് 31-8-2015 വരെയും കായംകുളം, പാല, കോട്ടയം എന്നീ റെയിൽവേസ്റ്റേഷനുള്ള ലാന്റ് അക്വിസിഷൻ യൂണിറ്റുകൾക്ക് 31-7-2015 വരെയും കാലാവധി നീട്ടിക്കൊടുക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഈ കാലാവധിക്കുശേഷം കാലാവധി നീട്ടിക്കൊടുക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) 7-8-2015-ലെ ജി.ഒ.(ആർ.റ്റി)നമ്പർ 4176/15/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, പെരുമ്പാവൂർ, ഗുരുവായൂർ, തിരൂർ എന്നിവിടങ്ങളിലെ 6 എൽ.എ. യൂണിറ്റുകൾ 31-8-2015 മുതൽ നിർത്തലാക്കുകയും അപ്രകാരം 51 തസ്തികകൾ പുനർ വിന്യസിക്കുകയുമുണ്ടായി. കൂടാതെ 20-6-2015-ലെ ജി.ഒ.(ആർ.റ്റി)നമ്പർ 3191/2015/ആർ.ഡി. സർക്കാർ ഉത്തരവ് പ്രകാരം കണ്ണൂർ എയർപോർട്ടിന്റെ പൊന്നുംവില നടപടികൾക്കായുള്ള മൂന്ന് എൽ.എ. യൂണിറ്റിൽ നിന്നും രണ്ടുവീതം സർവ്വേയർമാരുടെ തസ്തികകൾ നിർത്തലാക്കുകയും അവരെ പുനർ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ താല്ക്കാലിക പൊന്നുംവില ഓഫീസുകളിൽ പുനർവിന്യസിക്കാൻ അധിക തസ്തികകൾ ഒന്നുംതന്നെയില്ല.

വനഭൂമി കയ്യേറിയവർക്ക് പട്ടയം

202 (1284) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 ജനുവരി ഒന്നിന് മുമ്പ് വനഭൂമി കയ്യേറിയവർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് 1993-ലെ ചട്ടങ്ങൾ അനുസരിച്ച് 2015 സെപ്റ്റംബർ വരെ എത്ര ഏക്കർ വനഭൂമിയ്ക്ക് പട്ടയം നൽകി; ഇപ്രകാരം എത്ര കുടുംബങ്ങൾക്ക് ഭൂമിയുടെ പട്ടയം ലഭിച്ചു; വിശദമാക്കുമോ;

(ബി) ഏതെല്ലാം താലൂക്കുകളിൽ എത്ര ഏക്കർ വീതമാണ് പട്ടയം നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) നെടുങ്കണ്ടം ഭൂമി പതിവ് ഓഫീസിൽ നിന്നും ഇപ്രകാരം എത്ര പട്ടയങ്ങൾ നൽകി; എത്ര ഏക്കർ ഭൂമിയുടെ പട്ടയം ആണ് നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) കേന്ദ്രാനുമതി ലഭിച്ച എത്ര ഏക്കർ വനഭൂമിക്കാണ് പട്ടയം നൽകിയിട്ടുള്ളതെന്നും അനുമതിക്ക് ശേഷം ഇനിയും എത്ര ഏക്കർ വനഭൂമിക്ക് പട്ടയം നൽകാനുണ്ടെന്നും വ്യക്തമാക്കുമോ; ഭൂമിക്ക് ഇനിയും പട്ടയം നൽകാനുള്ള താലൂക്കുകൾ ഏതുയെന്നു വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇടുക്കി കാർഡമം ഹിൽ റിസർവ്(CHR) ഭൂമിയുടെ റീ-സർവ്വേയുമായി ബന്ധപ്പെട്ട് 4-6-2013-ന് എംപവേർഡ് കമ്മിറ്റിഎടുത്ത തീരുമാനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ; പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

2008-ന് മുമ്പ് നികത്തിയ നെൽ വയലുകൾ

203 (1285) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ന് മുമ്പ് നികത്തിയ നെൽ വയലുകൾ കരഭൂമിയാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾക്കു സർക്കാർ രൂപം നൽകിയിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ന്യായവില സർക്കാർ എങ്ങനെയാണ് കണക്കാക്കുന്നത്; വ്യക്തമാക്കാമോ;

(സി) 2008-നു മുമ്പ് അനധികൃതമായി എത്ര ഏക്കർ വയലുകളാണ് നികത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ എത്ര കോടി രൂപയാണ് വരുമാനം പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) 2008-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് പരിവർത്തനപ്പെടുത്തിയ നെൽവയലുകൾക്ക് ഫീസ് ഈടാക്കി ക്രമവത്ക്കരിക്കുന്നതിനുള്ള ആക്ട് നിലവിൽ വന്നുകഴിഞ്ഞു. അത്തരം ഭൂമികളുടെ ന്യായവിലയുടെ 25% ഫീസ് ഈടാക്കിക്കൊണ്ട് ക്രമവത്ക്കരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) 1959-ലെ കേരള മുദ്രപത്ര നിയമത്തിലെ 28 എ വകുപ്പുപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ന്യായവിലയോ പ്രസ്തുത ഭൂമിയുടെ ന്യായവില പ്രസിദ്ധപെടുത്തിയിട്ടില്ലെങ്കിൽ സമീപപ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ ന്യായവിലയോ അടിസ്ഥാനമാക്കിയാണ്.

(സി&ഡി) ക്രമവൽക്കരിക്കാനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ പൂർണ്ണമായ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly